പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 3738

26.06.2012 -ൽ
മറുപടിയ്ക്ക്

## ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ ( സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഖാദി ഉൽപാദന കേന്ദ്രങ്ങൾ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഖാദി ഉൽപാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>നെയ്ത്തു യൂണിറ്റുകളും നൂൽപ്പ് യൂണിറ്റുകളും പുനരുദ്ധരിക്കൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ചുറ്റുമതിൽ/വേലി നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ്, മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ പ്ലാനിൽ എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്; പ്രസ്തുത തുക അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുമോ; | (ബി ) ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി 44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നത്; തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (സി) | ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ദേശീയ പ്രാധാന്യമുള്ള അവസരങ്ങളിൽ പ്രത്യേക പരസ്യങ്ങൾ, ബ്രാൻഡ് മാർക്കറ്റ് പരസ്യങ്ങൾ, പൊതുജന ബോധവൽക്കരണ പരിപാടി, പ്രദർശനങ്ങൾ/മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 5.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ